©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

# പീരിയോഡിക്കൽ റിപ്പോർട്ട്
**(2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2021 TO 31ST MARCH, 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 14 - ാം തീയതി സമർപ്പിച്ചത്
(Presented on 14th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASOM)

# പീരിയോഡിക്കൽ റിപ്പോർട്ട്
**(2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2021 TO 31ST MARCH, 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

854/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)
# (2021-2023)

**ഘടന**

ചെയർമാൻ:

ശ്രീ. കെ. രാജൻ,
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും, ദേവസ്വവും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ്സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 16-6-2021, 22-6-2021, 1-7-2021, 5-8-2021, 25-10-2021 എന്നീ തീയതികളിലായി 5 യോഗങ്ങൾ ചേരുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട്, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് എന്നിവയുടെ കരട് റിപ്പോർട്ട് പരിഗണന, 2021-ലെ കേരള ധനകാര്യ ബിൽ പരിഗണന, 2021-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബിൽ പരിഗണന, 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 90 % ആയിരുന്നു .

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I—സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II—സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III—സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV—നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V—സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായംVI—(a) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം .

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ.

അദ്ധ്യായം VII—സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**കെ. രാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2022 ജൂലൈ 12.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 1-7-2021- ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 26-7-2021 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു .

(2) സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 1-7-2021- ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 26-7-2021 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു .

(3) 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് 1-7-2021 -ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 22-7-2021 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു .

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകൾ

1. 2021 - ലെ കേരള ധനകാര്യ ബിൽ , 2021 - ലെ കേരള ധനകാര്യ ( 2 -ാം നമ്പർ) ബിൽ എന്നിവ 5-8-2021 -ന് ചേർന്ന സബ്ജക്ട് കമ്മിറ്റി II , VIII , IX , XIV എന്നിവയുടെ സംയുക്ത യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 6-8-2021 -ന് സഭയിൽ സമർപ്പിച്ചു .

2. 2021 - ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി ) ബിൽ 25-10-2021 -ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 27-10-2021 -ന് സഭയിൽ സമർപ്പിച്ചു .

## അദ്ധ്യായം III

**സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ് . ആർ . ഒ . -കൾ**

ഇല്ല

## അദ്ധ്യായം IV

**നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ**

ഇല്ല

## അദ്ധ്യായം V

**സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

നിയമസഭാചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തികവർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| VI—ഭൂനികുതി XI—ജില്ലാഭരണവും പലവകയും | 2019-20 | റവന്യൂ വകുപ്പ് | 10-6-2021 |
| XI—ജില്ലാഭരണവും പലവകയും | 2017-18 | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി | 10-6-2021 |
| VI—ഭൂനികുതി XI —ജില്ലാഭരണവും പലവകയും | 2020-21 | ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | 16-3-2022 |
| VI — ഭൂനികുതി XI —ജില്ലാഭരണവും പലവകയും | ” | റവന്യൂ വകുപ്പ് | 16-3-2022 |

## അദ്ധ്യായം VI

**(a) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം .**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 26 | 1,2,3,5,6,7,10-25 | 4,8,9,26 | 4 |

**(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ**

ഇല്ല

## അദ്ധ്യായം VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും**

ഇല്ല

കെ. രാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2022 ജൂലൈ 12.

അനുബന്ധം

## 2021 ജൂൺ 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2021 ജൂൺ 16-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ്, ഗവ. ചീഫ് വിപ്പ്.
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
3. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ.
6. ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ.എ.
7. ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ.
8. ശ്രീ. പി.ടി.എ. റഹീം, എം.എൽ.എ. (ഓൺലൈനിലൂടെ ഹാജരായി)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ്
2. ശ്രീ. ബിജു കെ., കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
3. ഡോ. എ. കൗശികൻ, കമ്മീഷണർ, കേരള സംസ്ഥാന ദുരന്ത-നിവാരണ അതോറിറ്റി
4. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്

5. ശ്രീ. സാജു എസ്., അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത-നിവാരണവകുപ്പ്

6. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

7. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

8. ശ്രീ. വേണുഗോപാൽ എം., പ്രോഗ്രാം ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ്

9. ശ്രീമതി ഗംഗ എസ്. എസ്., ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് സർവ്വേ & ലാന്റ് റിക്കോർഡ്സ്

സമിതി, 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ VI, XI, XXVI എന്നിവയുടെ പരിധിയിൽ വരുന്ന ശീർഷകങ്ങളിലെ കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

2029-00-001-99—<u>ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്</u>

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഉപയോഗത്തിനായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള വാഹനം വാങ്ങുന്നതിന് 7-9-2019-ലെ (സാധാ) നം.2512/2019/റവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയതിന് 10 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതായും മനസ്സിലാക്കിയ സമിതി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2029-00-101-99—<u>വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്</u>

14 ജില്ലകളിലെയും വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ, ഓഫീസുകളുടെ വസ്തു നികുതി എന്നിവയ്ക്കായി 496.8212 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയതെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത തുക അപര്യാപ്തമാണെന്ന് കണ്ടെത്തുകയും വെള്ളക്കരം ഇനത്തിൽ 10 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ 30 ലക്ഷം രൂപയും വില്ലേജ് ഓഫീസുകളുടെ വസ്തു നികുതി നൽകുന്നതിന് 30 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശചെയ്തു.

സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ അനുവദിച്ച സ്മാർട്ട് വില്ലേജുകൾക്ക് മേയ് മാസത്തിൽ ഭരണാനുമതി ലഭിച്ചുവെന്നും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ മറുപടി നൽകി. തദവസരത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് പഠനം നടത്തേണ്ടത് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കോവിഡ് കാലമായതിനാൽ വിദ്യാർത്ഥികൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നും സ്റ്റാഫ് പാറ്റേണിൽ ആവശ്യമായ ക്രമീകരണം നടത്തിയാൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും വില്ലേജ് ഓഫീസുകൾ നൽകുന്ന സേവനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേകമായി ശ്രദ്ധയുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2029-00-103-95—<u>ഭൂരേഖ സേവനലഭ്യതയും ഉദ്ഗ്രഥനവും</u>

ലാന്റ് റെക്കാർഡ്സ് സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശീർഷകത്തിൽ 12 കോടി രൂപ വകയിരുത്തിയിട്ടുള്ളതായും 87 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുള്ളതായും 8 വില്ലേജുകളുടെ സർവ്വേ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടത്തുന്നുണ്ടെന്നും ആധുനിക സാങ്കേതിക വിദ്യയായ Cors, Rtk എന്നിവ പ്രയോജനപ്പെടുത്തി മുഴുവൻ വില്ലേജുകളിലും റീസർവേ പൂർത്തിയാക്കുവാൻ നിലവിലെ പദ്ധതി വിഹിതം അപര്യാപ്തമാണെന്നും 2021-2022 വർഷത്തെ റിവൈസ്ഡ് പ്ലാൻ പ്രൊപ്പോസൽ പ്രകാരം അധികമായി തുക ആവശ്യമുള്ളതായും മനസ്സിലാക്കിയ സമിതി 217 കോടി രൂപ അധികമായി അനുവദിക്കാൻ ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

2053-00-094-42—<u>കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി</u>

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതിയേതര ഇനത്തിൽ 1000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂവെന്നും അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും, അതോറിറ്റിയുടെയും

സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിലെയും ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും ചെലവുകൾ പദ്ധതിവിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നതെന്നും സമിതി മനസ്സിലാക്കി. 2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ശമ്പളമടക്കമുള്ള ചെലവുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും പദ്ധതിയിനത്തിൽ ഈ വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഭൂരിഭാഗം ജീവനക്കാരും കരാറടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നതെന്നും പദ്ധതി വിഹിതത്തിൽ നിന്നും നിലവിൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് വഹിക്കാൻ സാധിക്കുന്നുണ്ടെന്നും കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ ശമ്പളചെലവുകൾ വഹിക്കുന്നതിന് പദ്ധതിയേതര വിഹിതം അനുവദിക്കുന്നതിൽ സാങ്കേതിക തടസ്സമുണ്ടെന്നും ധനകാര്യവകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഭൂരിഭാഗം ജീവനക്കാരും താൽക്കാലിക ജീവനക്കാരാണെന്നും അവരുടെ വേതനവും മറ്റ് അലവൻസുകളും നിലവിൽ പ്ലാൻ ഹെഡിൽ നിന്നുതന്നെ നിർവഹിക്കാവുന്നതാണെന്നും മനസ്സിലാക്കിയ സമിതി ഈ ആവശ്യത്തിനായി നോൺപ്ലാൻ ഹെഡിൽ തുക വകയിരുത്തേണ്ടതില്ലെന്നും എന്നാൽ പ്ലാൻ-ഹെഡിൽ (2053-00-094-50-plan) ആവശ്യമുള്ള പക്ഷം അധികതുക വകയിരുത്തണമെന്നും ശിപാർശ ചെയ്യു.

ദുരന്തനിവാരണത്തിനായി ഓരോ ജില്ലയിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് സമിതി ആരാഞ്ഞതിന് 14 ജില്ലകളിൽ District Emergency Operation Centre-ഉം 77 താലൂക്കുകളിൽ Taluk Emergency Operation Centre-ഉം ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന District Disaster Management Authority (DDMA)-യും National Cyclone Risk Mitigation Project (NCRMP)-യുമുണ്ടെന്നും, കോവിഡ്, പ്രളയം എന്നീ ദുരന്തങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ചെയ്യുന്നത് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ DDMA ആണെന്നും ഇതിനുപുറമേ എല്ലാ കൺട്രോൾ റൂമുകളും ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരികയാണെന്നും കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കമ്മീഷണർ മറുപടി നൽകി.

ദുരന്തമേഖലയിൽ അടിയന്തര ഘട്ടങ്ങളിലിടപെടാനുള്ള സംവിധാനം വില്ലേജ് ഓഫീസുകളിലില്ലെന്നും ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി വില്ലേജ് ഓഫീസർമാർക്ക് ട്രെയിനിംഗ് നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു. വില്ലേജ് ഓഫീസർമാർ അഡ്മിനിസ്ട്രേഷനും കോ-ഓർഡിനേഷനുമുൾപ്പെടെയുള്ള കാര്യങ്ങളാണ് ചെയ്യുന്നതെന്നും വില്ലേജ് ഓഫീസർമാർക്ക് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുണ്ടെന്നും KSMDA വഴി ഓൺലൈൻ ട്രെയിനിംഗ് നൽകാമെന്നും കമ്മീഷണർ സമിതിയെ അറിയിക്കുകയും സമീപകാലത്ത് കേരളം നേരിട്ട പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്തനിവാരണത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് വിവിധ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള കപ്പാസിറ്റി ബിൽഡിംങ്ങിനായി Institute of Land and Disaster Management-ന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ട്രെയിനിംഗ് നൽകണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVI

### പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

2245-80-102-95—ചുഴലിക്കാറ്റുമൂലമുള്ള അപകട സാദ്ധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി

(01) ചുഴലിക്കാറ്റുമൂലമുള്ള അപകട സാദ്ധ്യത ശമിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ (75% കേന്ദ്രാവിഷ്കൃതം)

ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ ശീർഷകത്തിൽ നാല് ഘടകങ്ങളാണുള്ളതെന്നും മൾട്ടിപർപ്പസ് സൈക്ലോൺ പദ്ധതിക്ക് 75% തുക കേന്ദ്രവിഹിതമായും 25% തുക സംസ്ഥാന വിഹിതമായും വകയിരുത്തേണ്ടതെന്നും ദുരന്തനിവാരണ അതോറിറ്റി കമ്മീഷണർ വ്യക്തമാക്കി. പദ്ധതിയുടെ കാലാവധി 2021-22-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ നിർമ്മാണ പുരോഗതിയിൽ ആയിരിക്കുന്ന ഷെൽട്ടറുകൾക്കും മറ്റു ചെലവുകൾക്കുമായി ഏകദേശം 35 കോടി രൂപ അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി കൂടുതൽ കേന്ദ്രവിഹിതം ലഭിക്കുന്ന മുറയ്ക്ക് ആനുപാതിക സംസ്ഥാനവിഹിതം അനുവദിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തു .

തുടർന്ന്, ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ 87 വില്ലേജുകളിൽ പൂർത്തീകരിച്ചതായും നിലവിൽ മൂന്ന് വില്ലേജുകളിൽ പ്രവർത്തി നടന്നു വരുന്നതായും ആധുനിക സർവ്വേ സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Station) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതായും ചെയർമാൻ വ്യക്തമാക്കി. സ്മാർട്ട് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അടുത്ത 100 ദിവസത്തിനുള്ളിൽ 50 വില്ലേജുകളിൽ കെട്ടിടങ്ങളൊഴികെയുള്ള സേവനങ്ങൾ പൂർണ്ണമായും സ്മാർട്ടാക്കുന്നതാണെന്നും സ്മാർട്ട് വില്ലേജ് പദ്ധതിയിൽ നിന്നുള്ള തുക വിനിയോഗിക്കാതെ തന്നെ ചാത്തന്നൂർ മണ്ഡലത്തിലെ എല്ലാ വില്ലേജുകളും അത്യാധുനിക നിലവാരത്തിലുള്ള കെട്ടിടങ്ങളിലേക്ക് മാറിയിട്ടുണ്ടെന്നും ഇതിനായി എം.എൽ.എ. ഫണ്ടും അതത് സമയത്ത് ലഭിക്കുന്ന റവന്യൂ വരുമാനവുമാണ് ഉപയോഗിച്ചതെന്നും ചെയർമാൻ കൂട്ടിച്ചേർത്തു. ഇതിനോടൊപ്പം SVAMITVA (Survey of Villages and Mapping with Improvised Technology in Village Areas) പദ്ധതി ഉപയോഗിച്ച് സർവ്വേ നടത്താൻ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശമുണ്ടായിട്ടുണ്ടെന്നും CORS സ്റ്റേഷൻ സ്ഥാപിച്ചു കഴിഞ്ഞാൽ പെട്ടെന്നുതന്നെ സർവ്വേ പൂർത്തീകരിക്കാമെന്നും ILDM (Institute of Land and Disaster Management) എന്ന സംവിധാനം നിലവിലുള്ളതിനെ സെന്റർ ഓഫ് എക്സലൻസാക്കി വളർത്തിക്കൊണ്ടുവരേണ്ടതാണെന്നും ചെയർമാൻ സമിതിയെ അറിയിക്കുകയും തദവസരത്തിൽ CORS സ്റ്റേഷൻ പൂർത്തീകരിച്ച സംസ്ഥാനങ്ങൾ സന്ദർശിച്ച് വിലയിരുത്താവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(iii) പ്രകാരം പഠനം നടത്താവുന്നതാണെന്നും ഇതിൽ മേൽപ്പറഞ്ഞ വിഷയങ്ങൾ പഠനവിധേയമാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി യോഗം ഉച്ചയ്ക്ക് 12.15-ന് പിരിഞ്ഞു.

## 2021 ജൂൺ 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2021 ജൂൺ മാസം 22-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കു ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗവും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ ക്ഷേമ-ദേവസ്വം,പാർലമെന്ററികാര്യ വകുപ്പു മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ഡോ. എൻ. ജയരാജ്, ഗവ. ചീഫ് വിപ്പ്.
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
4. ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.
5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം. എൽ. എ.
6. ശ്രീ. സനീഷ്കുമാർ ജോസഫ്, എം. എൽ. എ.
7. ശ്രീ. പി. വി. ശ്രീനിജിൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ. എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി. ഡി. ഒ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്
2. ശ്രീ. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ദേവസ്വം വകുപ്പ്

4. ശ്രീ. ഗോകുൽ. ജി. ആർ, സെക്രട്ടറി-ഇൻ-ചാർജ്ജ്, ഫിനാൻസ് (റിസോഴ്സസ്) വകുപ്പ്
5. ശ്രീ. ബിജു. കെ, ലാന്റ് റവന്യൂ കമ്മീഷണർ
6. ശ്രീ. അനുപ്. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
8. ശ്രീ. ആർ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
9. ശ്രീ. ബി. എസ്. പ്രകാശ്, കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
10. ശ്രീ. നീലകണ്ഠൻ. എ. എൻ., കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്
11. ശ്രീ. കെ. കെ. രാജൻ, ഡെപ്യൂട്ടി സെക്രട്ടറി, കൊച്ചിൻ ദേവസ്വം ബോർഡ്
12. ശ്രീ. ശ്രീകുമാർ. വി. എം., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്
13. ശ്രീമതി ബിന്ദു. എ. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
14. ശ്രീമതി കൃഷ്ണപ്രിയ. ഡി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XI, XXVIII, XX, XXIX എന്നീ ധനാഭ്യർത്ഥനകളുടെ പരിധിയിൽ വരുന്ന ശീർഷകങ്ങളിലെ കണക്കിനങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XI — ജില്ലാഭരണവും പലവകയും

2053-00-093-99 — <u>കളക്ടർമാരും മജിസ്ട്രേറ്റുമാരും</u>

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഓഫീസർ ഉൾപ്പടെയുള്ളവരുടെ അവധി യാത്രാ ആനുകൂല്യം നൽകുന്നതിന് 2053-00-093-99-04-4 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും IAS ഉദ്യോഗസ്ഥരുടെ കെട്ടിടവാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിടനികുതി നൽകുന്നതിനും 00-093-99-06 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2053-00-093-96—ഡിഫൻസ് പേഴ്സണലിന് വേണ്ടിയുള്ള റിക്രൂട്ട്മെന്റ് റാലികൾ

പ്രതിരോധ സേനകളിലേയ്ക്ക് വിവിധ ജില്ലകളിൽ റിക്രൂട്ട്മെന്റ് റാലികൾ നടന്ന് വരുന്നതിനാൽ അധികതുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രതിരോധ സേനകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് റാലികൾ സംസ്ഥാനത്ത് സംഘടിപ്പിക്കുമ്പോൾ ജില്ലാഭരണകൂടം നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾക്കായി തുക ഉപയോഗിക്കുന്ന ടി ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2053-00-094-99— താലൂക്ക് ഓഫീസുകൾ

താലൂക്ക് ഓഫീസുകൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ എന്നിവയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ വാഹനങ്ങളുടെ ഇന്ധനചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2053-00-094-99-21-2 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-39—സംസ്ഥാനത്തിന്റെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫ്

സംസ്ഥാനത്തെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫിന്റെ ശമ്പളവും അലവൻസുകളും ലഭ്യമാക്കുന്നതിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-101-99 —സംസ്ഥാന ധർമ്മകാര്യം

സംസ്ഥാന ധർമ്മകാര്യം എന്ന ശീർഷകത്തിൽ തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് മതപതിവ് നൽകുന്നതിനായി അധികതുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-89— വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

കോവിഡ്-19 രോഗവ്യാപനം മൂലം വഖഫ് സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ ടി സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞതിനാൽ ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-40— സാമൂഹിക സന്നദ്ധസേനയ്ക്കുള്ള ധനസഹായം

പൊതുഭരണ (ഏകോപനം) വകുപ്പിൻ കീഴിൽ പുതുതായി രൂപീകരിക്കപ്പെട്ട സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് എന്ന വകുപ്പിന് അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 25 ലക്ഷം രൂപയാണ് മുൻവർഷം ചെലവഴിച്ചതെന്നും ഈ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും മനസ്സിലാക്കിയ സമിതി വിവരസാങ്കേതികവിദ്യ ചെലവുകൾ സംബന്ധിച്ച് മുൻ വർഷത്തെ 24 ലക്ഷം രൂപ ബിൽ കുടിശ്ശിക തീർപ്പാക്കാനുണ്ടെന്നതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 63 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2250-00-102-98— കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പരീക്ഷാ നടത്തിപ്പിനുള്ള ചെലവിനും അധികം ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പളച്ചെലവിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ശമ്പളയിനത്തിൽ 1 കോടി രൂപയും ശമ്പളേതരയിനത്തിൽ 2 കോടി രൂപയും ചേർത്ത് ആകെ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2250-00-103-99— ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

ദേവസ്വം ഫണ്ട്/ശ്രീപണ്ടാരംവക ഫണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2003-ലെ സ.ഉ. (സാധാ.) നമ്പർ 378/2003/റവ. പ്രകാരം 1 കോടി രൂപയാണ് നൽകി വരുന്നതെന്നും 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ തുക വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-103-98— കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

കൊച്ചി ദേവസ്വം ബോർഡിൻ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതകേരളം പദ്ധതിയുടെ ചുവട് പിടിച്ച് ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്രസാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയ പദ്ധതികൾക്ക് ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നത് പ്രയാസമാണെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ ക്ഷേമനിധി മാസവിഹിതം, ക്ഷേത്രവിഹിതം, എഫ്.ഡി.-യിൽ നിന്ന് ലഭിക്കുന്ന പലിശ എന്നിവയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25,000 രൂപ വരെയുള്ള ചികിത്സാ ധനസഹായം എന്നീ ചെലവുകൾ നിർവ്വഹിച്ചു വരുന്നതെന്നും എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ ക്ഷേത്ര ജീവനക്കരുടേതിൽ നിന്നും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ ക്ഷേമനിധി ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നത് പര്യാപ്തമല്ലെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-87 —<u>മലബാർ ദേവസ്വംബോർഡ്</u>

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടത്തിയതിനാലും ശമ്പളേതര ചെലവുകളായ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ഗ്രാന്റ് എന്നിവയ്ക്കായും വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് നിരീക്ഷിച്ച സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ശമ്പളയിനത്തിൽ 32.599 കോടി രൂപയും ശമ്പളേതരയിനത്തിൽ 4.651 കോടി രൂപയും ഉൾപ്പെടെ 37.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-87—<u>ആചാര്യസ്ഥാനികർക്കും കോലധികാരികർക്കുമുള്ള മാസ അലവൻസ്</u>

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികർക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക തികയാതെ വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനതുഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും പുതുതായി ഉൾപ്പെടുത്തിയവരെയും ചേർത്ത് 1811 ആചാര്യസ്ഥാനികർക്കും 397 കോലധികാരികൾക്കും 1400 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുണ്ടതുണ്ടെന്നും കൂടാതെ മുൻവർഷങ്ങളിലെ തുക കുടിശ്ശികയുണ്ടെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2250-00-103-85— <u>മലബാർ ദേവസ്വംബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്</u>

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും കലാകാരന്മാർക്ക് ആദരം, അവാർഡ്ദാനം,ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരന്മാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധികതുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന

വഴിയോ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2250-00-103-82— വൈക്കം ക്ഷേത്ര കലാപീഠം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നിനും വളർത്തുന്നതിനുമായി വൈക്കം മഹാദേവക്ഷേത്രത്തോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിൽ 100-ൽപരം വിദ്യാർത്ഥികളെ പഞ്ചവാദ്യം, നാദസ്വരം, ചെണ്ട, തകിൽ തുടങ്ങിയവ പ്രഗത്ഭരായ അദ്ധ്യാപകർ അഭ്യസിപ്പിച്ച് വരുന്നതായും കലാപീഠത്തിന്റെ കാലപ്പഴക്കമുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യത്തിനും പഠനോപകരണങ്ങൾക്കും പ്രധാനമായും ധനസഹായം ആവശ്യമുള്ളതായും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്താൻ ശിപാർശ ചെയ്യു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണം

മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണത്തിനായി 20 കോടിയോളം രൂപയുടെ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കുന്നതിന് കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും ഹരിതകേരളം പദ്ധതിയിൽ ഇക്കാര്യം മുൻഗണന അർഹിക്കുന്ന ഒന്നാണെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

## ധനാഭ്യർത്ഥന നമ്പർ XX— ശുദ്ധജലവിതരണവും ശുചീകരണവും

2215-02-105-95— ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ

സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.127075 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXVIII— പലവക സാമ്പത്തിക സർവ്വീസുകൾ

5475-00-115-94 — കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾക്കായി പദ്ധതി നിർവ്വഹണ വകുപ്പുകളിൽ നിന്ന് ശേഖരിച്ച പ്രതീക്ഷിത ചെലവ് കണക്ക് പ്രകാരം അധിക തുകയുടെ ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 170 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

5475-00-115-93— കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (K.F.W.) സഹായം

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും, കെ.എഫ്.ഡബ്ള്യു. സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾക്ക് പ്രസ്തുത ശീർഷകത്തിൽ 500 കോടി രൂപയെങ്കിലും വേണ്ടിവരുമെന്ന് നിർവ്വഹണ ഏജൻസിയായ കെ.എസ്.ടി.പി. അറിയിച്ചിട്ടുള്ളതായും നിരീക്ഷിച്ച സമിതി ഈയിനത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 500 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

4551-60-800-99— ശബരിമല മാസ്റ്റർ പ്ലാൻ

ശബരിമലയിലെത്തുന്ന തീർത്ഥാടകർക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പമ്പയിലും സന്നിധാനത്തും ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള കെട്ടിടങ്ങളുടെയും അന്നദാന മണ്ഡപത്തിന്റെയും പ്രവൃത്തികൾ നടന്നുവരികയാണെന്നും അവയുടെ പൂർത്തീകരണത്തിനായി കൂടുതൽ തുക ആവശ്യമായി വരുമെന്നും വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.05 ന് പിരിഞ്ഞു.

## 2021 ജൂലൈ 1 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2021 ജൂലൈ 1-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ.കെ.രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം,പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ.കെ. രാധാകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു.

1. ഡോ.എൻ. ജയരാജ്, ഗവ.ചീഫ് വിപ്പ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
4. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ.
5. ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ. (ഓൺലൈനിലൂടെ ഹാജരായി)
6. ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ.(ഓൺലൈനിലൂടെ ഹാജരായി).

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ.കെ.ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ.എ.ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്
2. ശ്രീ.കെ.ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ദേവസ്വം വകുപ്പ്
3. ശ്രീ. ബിജു കെ., കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
4. ശ്രീ. ആർ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
5. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്, 2021-22

സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 2020-21 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2020-21 സാമ്പത്തിക വർഷത്തെ 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന സംബന്ധിച്ച്**

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം. 1517/സബ്.സി.ബി1/2020/നി.സെ .)

സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ 3,7, 9-17, 19-22, 24, 27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ റവന്യൂ വകുപ്പും ദുരന്ത നിവാരണ വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. തുടർന്ന്, മേൽപ്പറഞ്ഞ റിപ്പോർട്ടിലെ ഇനിയും മറുപടി ലഭ്യമാക്കേണ്ട 2, 5, 18, 28, 29, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

**II. റിപ്പോർട്ടുകളുടെ കരട് പരിഗണന സംബന്ധിച്ച്**

1. സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിലെ 12-ാം പേജിൽ പൊതുശിപാർശയിലെ നാലാമത്തെ വരിയിലെ 'കേരള ദുരന്ത നിവാരണ അതോറിറ്റിയുടെ എന്നത്' " ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം)" -ന്റെ എന്ന് മാറ്റാൻ സമിതി നിർദ്ദേശിച്ചു.

2. 2020-21 സാമ്പത്തിക വർഷത്തെ സമിതിയുടെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

3. സമിതി ഈ യോഗത്തിൽ അംഗീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ പ്രകാരമുള്ള 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

രാവിലെ 11.20 -ന് സമിതി യോഗം പിരിഞ്ഞു.

## 2021 ആഗസ്റ്റ് 5 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ സംയുക്തമായി 'The Kerala Finance Bill, 2021' , '2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി 2021 ആഗസ്റ്റ് മാസം 5-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 6.25-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ ഹാജരായിരുന്ന, സമിതി അദ്ധ്യക്ഷൻമാർ/ എക്സ്-ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

    (തദ്ദേശസ്വയംഭരണം,ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)

    അദ്ധ്യക്ഷൻ, സബ്ജക്ട് കമ്മിറ്റി IX;

    എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. കെ. രാജൻ

    (റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

    അദ്ധ്യക്ഷൻ, സബ്ജക്ട് കമ്മിറ്റി II;

    എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി IX.

3. ശ്രീ. കെ. രാധാകൃഷ്ണൻ

    (പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പ് മന്ത്രി)

    എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി II ;

    പ്രത്യേക ക്ഷണിതാവ്, സബ്ജക്ട് കമ്മിറ്റി XIV

4. ശ്രീ. വി. അബ്ദുറഹിമാൻ

(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ മന്ത്രി)

എക്സ്-ഒഫീഷ്യോ അംഗം, സബ്ജക്ട് കമ്മിറ്റി IX

5. ശ്രീ. പി. രാജീവ്,

(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)

പ്രത്യേക ക്ഷണിതാവ്, സബ്ജക്ട് കമ്മിറ്റി XIV

ഹാജരായ അംഗങ്ങൾ:-

സബ്ജക്ട് കമ്മിറ്റി VIII

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ. വി. സുമേഷ്
8. ശ്രീ. ഇ. കെ. വിജയൻ.

സബ്ജക്ട് കമ്മിറ്റി II

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. കെ. ഡി. പ്രസേനൻ (ഓൺലൈൻ)
4. ശ്രീ. പി. ടി. എ. റഹിം
5. ശ്രീ. എം. രാജഗോപാലൻ
6. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

7. ശ്രീ. സനീഷ്കുമാർ ജോസഫ്
8. ശ്രീ. പി. വി. ശ്രീനിജിൻ.

<u>സബ്ജക്ട് കമ്മിറ്റി IX</u>

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. പി. ബാലചന്ദ്രൻ
3. ശ്രീമതി കാനത്തിൽ ജമീല
4. ശ്രീ. എ. സി. മൊയ്തീൻ
5. ശ്രീ. വി. കെ. പ്രശാന്ത്
6. ശ്രീ. റോജി എം. ജോൺ
7. ശ്രീ. പി. ഉബൈദുള്ള
8. ശ്രീ. ടി. ജെ. വിനോദ്

<u>സബ്ജക്ട് കമ്മിറ്റി XIV</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. ടി. ഐ. മധുസൂദനൻ
4. ശ്രീ. ടി. പി. രാമകൃഷ്ണൻ
5. ശ്രീ. തോമസ് കെ. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ് , ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീമതി ജയശ്രീ എസ്., ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി
6. ശ്രീമതി ഡി. ഒ. രെജി, അണ്ടർ സെക്രട്ടറി

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u>:-

1. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഓൺലൈൻ)
2. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, നികുതി വകുപ്പ്.
3. ഡോ. എസ്. കാർത്തികേയൻ, സ്പെഷ്യൽ കമ്മീഷണർ, ചരക്ക സേവന നികുതി വകുപ്പ്.
4. ശ്രീ. സാദിഖ് എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീ. മധു. കെ., അഡീഷണൽ കമ്മീഷണർ, ചരക്ക സേവന നികുതി വകുപ്പ്.
6. ശ്രീ. ജി. ഐ. മൻസൂർ, ജോയിന്റ് കമ്മീഷണർ, കേന്ദ്ര ചരക്കസേവന നികുതി വകുപ്പ്
7. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

സമിതി 'The Kerala Finance Bill 2021, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**I.The Kerala Finance Bill, 2021 പരിഗണന**

The Kerala Finance Bill 2021-ലെ 1, 2, 4, 6, 9, 10 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The Kerala Finance Bill, 2021 അംഗീകരിക്കുകയും ചെയ്തു.

*Clause 1*

For sub-clause (2) the following clause shall be substituted,

namely:–

“(2) Save as otherwise provided in this Act,–

(a) Sub-sections (3) and (4) of section 8 shall be deemed to have come into force on the 1st day of August, 2021.

(b) sub- section (5) of section 8 shall be deemed to have come into force on the 1st day of June, 2021, remaining provisions of section 8 shall come into force on such date as the Government may, by notification in the official Gazette, appoint:

Provided that different dates may be appointed for different provisions of this section and any reference in any such provision to the commencement of this Act shall be construed as a reference to the coming into force of that provision.

(c) the remaining sections of this Act, shall be deemed to have come into force on the 10th day of June, 2021"

*Clause 2*

In Item (a) of sub-clause (3) of clause 2, for the words and figures, "31st August, 2021", the words and figures "30th November, 2021", shall be substituted.

*Clause 4*

(1) In item (ii) of sub-clause (2),

(a) in sub-item (b) for the words and figures "30th June, 2021",the words and figures "30th September, 2021" shall be substituted.

(b) in sub-item (c), for the words and figures "31st July, 2021, the words and figures "31st October, 2021" shall be substituted.

(2) In sub-clause (3),

(a) item (1), (2), (3), (4), (5) shall be renumbered as (i), (ii), (iii), (iv), (v);

(b) in sub-item (a) of item (iii) as so renumbered, for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

*Clause 6*

In sub-clause (3), in item (a), for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

*Clause 9*

in sub-clause (3), in item (a), for the words and figures "31st August, 2021", the words and figures "30th November, 2021" shall be substituted.

*Clause 10*

in sub-clause (3), in item (a), for the words and figures “31st August, 2021” , the words and figures “30th November, 2021” shall be substituted.

After clause 10 the following clause shall be inserted, namely:—

“ II. Validation.- (1) Notwithstanding the lapse of the Kerala Finance Bill, 2021 (Bill No. 280 of the Fourteenth Kerala Legislative Assembly) (hereinafter referred to as the said Bill) and the cesser of force of law of the declared provisions of the said Bill, anything done or any action taken, including levy and collection of tax or duty, during the period from the 1st day of April, 2021 to the 9th day of June, 2021, by virtue of the declared provisions contained in the said Bill, under the Kerala Surcharge on Taxes Act, 1957 (11 of 1957) or under the Kerala Court Fees and Suits Valuation Act, 1959 (10 of 1960) or under the Kerala General Sales Tax Act, 1963 (15 of 1963) or under the Kerala Building Tax Act, 1975 (7 of 1975) or under the Kerala Agricultural Income Tax Act, 1991 (15 of 1991) or under the Kerala Value Added Tax Act, 2003 (30 of 2004) or under the Kerala Finance Act, 2019 (5 of 2019) or under the Kerala Finance Act, 2020 (7 of 2020) (hereinafter referred to as the 'respective Acts'), as they stand amended by the said Bill, shall be deemed to be and to have always been, for all purposes, validly and effectively done or taken under the provisions of the respective Acts, as if the said amendments had been in force at all material times.

(2) Notwithstanding anything contained in the respective Acts during the period from 1st day of April, 2021 to the 9th day of June, 2021 during which the declared provisions contained in the said Bill was in force, anything done or any action taken by virtue of said provisions of the said Bill, shall be deemed to have been validly done or taken under the respective Acts and no action shall lie against any dealer or authority on the ground of short levy or refund of excess tax or duty and tax or duty collected, if any, by a dealer or an authority, as the case may be, shall be paid over to the Government.”

The Kerala Finance Bill, 2021-ന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

## II. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ:

2021 -ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലെ 1,2,3 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ നിർദ്ദേശിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു.

<u>1-ാം ഖണ്ഡം</u>

(എ) 1-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്

അതായത്:–

“1. ചുരുക്കപ്പേരും പ്രാരംഭവും:-(1) ഈ ആക്ടിന്2021-ലെ കേരള ധനകാര്യ

(2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

<u>2-ാം ഖണ്ഡം</u>

ബില്ലിലെ 2-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (xviii എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

“(xviii എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജകാര്യക്ഷമത പരമാവധി നല്കുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക്

അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:— ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവചനത്തിൽ വരാവുന്നതാണ് ."

3-ാം ഖണ്ഡം

(എ) ബില്ലിലെ 3-ാം ഖണ്ഡം (1) ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (18 എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(18 എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജ കാര്യക്ഷമത പരമാവധി നൽകുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാക്കുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:— ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവചനത്തിൽ വരാവുന്നതാണ്."

(ബി) 3-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

അതായത്:—

"4. സാധൂകരണം.— (1) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (പതിനാലാം കേരള നിയമസഭയുടെ 281 -ാം നമ്പർ ബിൽ) (ഇതിനുശേഷം പ്രസ്തുത ബിൽ എന്നാണ് പരാമർശിക്കപ്പെടുക) കാലഹരണപ്പെടുകയും പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾക്ക് നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തിരുന്നാൽ തന്നെയും പ്രസ്തുത ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലോ (1994-ലെ 20) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ അനുസരിച്ച് 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴുമോ പ്രസ്തുത ഭേദഗതികളെല്ലാം പ്രസക്തമായ എല്ലാ കാലങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നുവെന്നപോലെ ബന്ധപ്പെട്ട ആക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം സാധുവായും ഫലപ്രദമായും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ നിലവിലുണ്ടായിരുന്ന 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ബന്ധപ്പെട്ട ആക്ടുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ബന്ധപ്പെട്ട ആക്ടുകൾ പ്രകാരം സാധുവായി ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

പ്രസ്തുത ബില്ലിന്മേൽ ശ്രീ. റോജി എം. ജോൺ, ശ്രീ പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 7.00 മണിക്ക് അവസാനിച്ചു.

## 2021 ഒക്ടോബർ 25-ാം തീയതിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II 2021 ഒക്ടോബർ മാസം 25-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.25-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും, ബഹു. റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ് ഒഫീഷ്യോ അംഗവും പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമ ദേവസ്വം വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണൻ സന്നിഹിതനായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
4. ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.
5. ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.
6. ശ്രീ. സനീഷ്കുമാർ ജോസഫ്, എം. എൽ. എ.
7. ശ്രീ. പി. വി. ശ്രീനിജിൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. ജയശ്രീ. എം. ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സജീവൻ. പി.കെ. അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ(ദേവസ്വം) വകുപ്പ്
2. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
3. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. എം. കെ. സാദ്ദിഖ്, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി രേണുക ദേവി. ബി. എസ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

സമിതി 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി അംഗങ്ങളായ ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നിവർ വിയോജന കുറിപ്പ് നൽകി.

സമിതി വൈകുന്നേരം 6.45 -ന് യോഗം പിരിഞ്ഞു.